File No.LSGD-FM2/208/2020-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമണ്ണ ഗ്രാമപഞ്ചായത്ത് -പെരുമണ്ണ പഞ്ചായത്തിൽ 17-ാം വാർഡിൽ വലിയവീട്ടിൽ അംഗനവാടിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി 2016-17 ൽ തനത് ഫണ്ടിൽ നിന്നും തുക നൽകാനെടുത്ത പഞ്ചായത്തു ഭരണസമിതി തീരുമാനത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1517/2021/തസ്വഭവ  തിരുവനന്തപുരം, തീയതി, 10/08/2021

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021-ൽ കൂടിയ യോഗത്തിലെ (4. 13) നമ്പർ തീരുമാനം.

**ഉത്തരവ്**

പെരുമണ്ണ പഞ്ചായത്തിൽ 17-ാം വാർഡിൽ വലിയവീട്ടിൽ അംഗനവാടിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി 2016-17 ൽ 4,75,000/- രൂപ (തനതുഫണ്ട്) യുടെ പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. റോഡിന്റെ പരിസര പ്രദേശത്തെ 22 പേർ സ്ഥലം വിട്ടുനൽകി, റോഡ് നിർമ്മാണം പൂർത്തിയായി. എന്നാൽ റിലിങ്കിഷ്മെന്റ് നടപടിയെ RDO കോടതിയിൽ ഇവരിൽ ഒരാൾ ചോദ്യം ചെയ്തു. ഒരാളുടെ റിലിങ്കിഷ്മെന്റ് നിയമാനുസൃതമല്ലെന്ന് RDO ഉത്തരവിട്ടു. ഇതിനാൽ റോഡിന്റെ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. എന്നാൽ തർക്കമുള്ള സ്ഥലം ഒഴിവാക്കി ആണ് റോഡു നിർമ്മിച്ചതെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവർത്തി ചെയ്ത ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ബന്ധപ്പെട്ട എഞ്ചിനയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ ബഹു ഹൈക്കോടതി 01.10.2019 ലെ WP(C) നം.6206/2019 നമ്പർ പ്രകാരം ഉത്തരവിട്ടു.ഇതിന്റെ അടിസ്ഥാനത്തിൽ തുക നൽകാനെടുത്ത പഞ്ചായത്തു ഭരണസമിതി തീരുമാനത്തിന് പരാമർശം (1) ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത.ഐ,

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രസിഡന്റ്/സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്